## അദ്ധ്യായം മുപ്പതു്

എയർപോർട്ടിൻെറ പ്രധാനകവാടത്തിൻെറ മുമ്പിലായി തലയുയർത്തി നിൽക്കുന്ന ഫൈവ് സ്റ്റാർ ഹോട്ടലിൻെറ പാർക്കിംഗ്ലോട്ടിലേയ്ക്ക് കയറി ബാബു കാർ പാർക്ക് ചെയ്തു. കുട്ടികൾ ആഹ്ളാദത്തോട് വെളിയിലേക്കിറങ്ങി. അറേബ്യൻകടലിൻെറ അരികിൽ തിരകളിലടിയുന്ന ഞണ്ടുകളെ പെറുക്കുന്ന മുക്കുവകുട്ടികളെ നോക്കി അവർ നിന്നു. ഷെയ്ം. . .ഷെയ്ം.. കണ്ണിൽ നോക്കിക്കൊണ്ട് മുന്നിലിരുന്നും നിന്നുമൊക്കെ മലമൂത്രവിസർജ്ജനം ചെയ്യുന്ന മനുഷ്യർ. ആമസോൺ വനങ്ങളിലെ ആദിവാസികളേപ്പോലെ നാണം മറയ്ക്കാതെ പ്രാകൃതരായി ഭിക്ഷാടനം നടത്തുന്നവർ. ഇവരൊക്കെയല്ലേ ഇരുപതാം നൂറ്റാണ്ടിലെ ഇന്നാടിൻെറ പ്രതീകങ്ങൾ?

'ഇറ്റ്സ് എ സാമ്പിൾ ഓഫ് പുവേർട്ടി' കുട്ടികൾക്ക് മോളി വിശദീകരിച്ചു കൊടുത്തു.

സമയം പന്ത്രണ്ട് കഴിഞ്ഞിരിക്കുന്നു. എല്ലാവരുംകൂടി ലഞ്ച് കഴിക്കാൻ ഹോട്ടലിലേയ്ക്ക് കയറി. ആഹാരം കഴിക്കുന്നതിനിടയിൽ ബാബുവിൻെറ കണ്ണുകൾ ഈറനണിയുന്നത് ടൈറ്റസ് കണ്ടു. ഒരു പക്ഷേ നാളെയുടെ പ്രാരാബ്ധങ്ങൾ ഓർത്തിട്ടാവാം. വേണ്ടാ! ഇനിയും താമസിപ്പിക്കണ്ടാ. താൻ അവനുവേണ്ടി ചെയ്തിരിക്കുന്നതൊക്കെ തുറന്നു പറയാം. അവനൊന്നു സന്തോഷിക്കട്ടെ.

ബാബുവാകട്ടെ, കഴിഞ്ഞ രാവിൽ താനെടുത്ത തീരുമാനങ്ങൾ നിറവേറ്റപ്പെടാൻ അവശേഷിക്കുന്ന മണിക്കൂറുകൾ തിട്ടപ്പെടുത്തുകയായിരുന്നു. വെളിച്ചത്തിൻെറ ഭയത്തിൽ നിന്നും ഇരുട്ടിൻെറ സ്വൈരതയിലേയ്ക്ക് ഇനി നാല് മണിക്കൂർ മാത്രം.

'എടാ ബാബു, ഈ കവറിനുള്ളിൽ എൻെറ എല്ലാ സമ്പാദ്യങ്ങളുടെയും രേഖകൾ ഉണ്ട്. എല്ലാം നിൻേറതെന്നുകരുതി കൈകാര്യം ചെയ്ത് നീ സുഖമായി ജീവിക്കണം. നീയൊരു കല്യാണം കഴിക്കണം. കഴിയുമെങ്കിൽ ആ സരോജിനിക്ക് ഒരു ജീവിതം കൊടുക്കണം. ഈ സ്വത്തുക്കൾക്ക് ജന്മംകൊണ്ട് അവകാശപ്പെട്ടവനാണു നീ. ആ സത്യം പണ്ടേ ഞാൻ മനസിലാക്കിയതാണ്. ഇപ്പോൾ മറ്റാരുമല്ല നിൻെറ അമ്മതന്നെ തങ്കച്ചേടത്തി തുറന്നു പറഞ്ഞു.'

'അപ്പോൾ അച്ചായൻ ഇതെല്ലാം എനിക്ക് വെറുതെ തരുക?'

'അതേ. ബാബു, തേടിയതൊന്നും അനുഭവിക്കാൻ യോഗമുണ്ടാകില്ല ഇനിയുള്ള കാലത്തിലെ മനുഷ്യനു്. ജീവിച്ചുവെന്ന ആത്മസംതൃപ്തിയും ഇന്ന് മനുഷ്യനു് നിഷേധിക്കപ്പെട്ടിരിക്കുന്നു. ഒരിടത്ത് ജനിക്കുന്നു, മറ്റൊരിടത്ത് വളരുന്നു, വേറൊരിടത്ത് ഉപജീവനം തേടുന്നു. എന്നും അപരിചിതർ അവനു ചുറ്റും. ഇതിനിടയിൽ പരിചയം ബന്ധമാകുന്നു, അതു കുടുംബമാകുന്നു, കുടുംബജീവിതം മനുഷ്യനു ബന്ധനമാകുന്നു. ബന്ധങ്ങൾ ബന്ധനങ്ങൾ ആകുമ്പോൾ നിരാശ ജനിക്കുന്നു. അവിഹിതബന്ധങ്ങളിലൂടെ അതു വളരുന്നു. ഇതാകുന്നു നാളെയുടെ മനുഷ്യൻ.' ടൈറ്റസ് ബാബുവിൻെറ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി.

യാതൊരു ഭാവവ്യത്യാസവും ആ മുഖത്ത് ദർശിക്കാനായില്ല. ഇത്രയും വലിയ സമ്പത്ത് ലഭിക്കുമ്പോൾ സന്തോഷത്തിൻെറ ഒരു പ്രസന്നഭാവം ഉണ്ടാകുമെന്നാണ്

ടൈറ്റസ് കരുതിയത്. ഒരു പക്ഷേ സന്തോഷത്തെ ഉള്ളിലടക്കിയതാകാം ഈ നിശബ്ദതയ്ക്കു കാരണം.

'എന്താ ബാബു നീയൊന്നും പറയാത്തത്?'

'അപ്പോൾ അച്ചായൻ ഇനിയും വരില്ല?' ആചോദ്യത്തിൽ വളരെ അർത്ഥങ്ങൾ നിറഞ്ഞു നിന്നിരുന്നു.

'വരുമെടാ. . . അത് ഏത് അവസ്ഥയിലെന്നു പറയാനാവില്ല. ഒരു പക്ഷേ എല്ലാം നഷ്ടപ്പെട്ടവനായി. . . ഒപ്പം ഒരു തീരാരോഗിയായി. . ചിലപ്പോൾ എല്ലാം ഉള്ള ഒരു പ്രതാപശാലിയായി. . അല്ലെങ്കിൽ അന്യദേശത്ത് ആറടിമണ്ണിൽ അവസാനിച്ചെന്നും വരും. എന്തിന് നീയിതൊക്കെ . . . .'

'അപ്പോൾ അച്ചായൻ എന്നെയും പണത്തിനു വാങ്ങിക്കഴിഞ്ഞിരിക്കുന്നു'

'അങ്ങനെയല്ല ബാബു, നിനക്കൊരു നന്മ മാത്രം ഞാൻ കാണുന്നു. പിന്നെയൊരു കാര്യം. പോകുന്നവഴി ആ സെലീനായെ വിളിച്ച് ഞാൻ മടങ്ങിപ്പോയകാര്യം പറയണം. വാ സമയമായി നമുക്കു പോകാം.'

എയർപോർട്ടിൽ എത്തി പെട്ടികളൊക്കെ കൃത്യസ്ഥാനത്ത് ഏല്പിച്ച് 'ഗുഡ്ബൈ' പറയുവാൻ ടൈറ്റസ് എത്തി.

' ഏതായാലും അച്ചായൻ മടങ്ങി വരേണ്ടി വരും ഇപ്പോൾ സന്തോഷത്തോട് പോകുക. ഗുഡ്ബൈ'.മുഖാമുഖം നോക്കാതെ ഷെയ്ക്ക് ഹാൻഡ് കൊടുത്ത് ഇരുവരും പിരിഞ്ഞു. കവിൾത്തടങ്ങളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീരിനെ വലതുകൈയുടെ ചൂണ്ടുവിരൽകൊണ്ട് ഒപ്പിയെടുത്ത് ബാബു ദൂരത്തേയ്ക്ക് തെറിപ്പിച്ചു.

കാറിൽക്കയറി നേരെ അഴിമുഖത്തേക്കാണ് പോയത്. അലറിയടിക്കുന്ന തിരമാലകൾ എവിടെയും. ഈ തിരകളിലൊന്നിനോട് തൻെറ കഥ പറയണം. ആരും അറിയാത്ത കഥകൾ മനസിൽ പേറുന്ന ആത്മാക്കളെ ഈ അലയാഴിക്കടിയിൽ കണ്ടെത്താനാവും.

സൂര്യൻ പടിഞ്ഞാറേയ്ക്ക് ചാഞ്ഞിരുന്നു കാർമേഘങ്ങൾകൊണ്ട് മുഖം മറച്ചിരുന്നു. ആനിഴലിൽ ഇണകൾ കെട്ടിപ്പുണരുകയും, മോഷ്ടാക്കൾ മോഷ്ടിക്കയും ചെയ്തു. അപ്പോൾ ബാബു വാച്ചിൽ നോക്കി. താൻ എഴുതിക്കുറിച്ച സമയമുഹൂർത്തം ഏതാണ്ട് എത്താറായിരിക്കുന്നു. തൻെറ യജമാനൻ മേഘപാളികളെ കീറിമുറിച്ചുകൊണ്ട് എവിടേയ്ക്കോ പറന്നകന്നിരിക്കുന്നു. അതിൻെറ ഓർമ്മകൾ ഒരു കറുത്ത പൊട്ടുപോലെ മാത്രം. അപ്പോൾ ആഴിപ്പരപ്പിനു മുകളിൽ ഒരു വെള്ളിടി വെട്ടി. കരിമേഘങ്ങൾ ഇരുളിൻെറ കൈകളിൽ അവിടേയ്ക്കു് അടുത്തു വരുന്നു.

അങ്ങകലെനിന്നും ഒരു വലിയ തിരമാല ഉയർന്നുയർന്ന് തന്നെ നോക്കുന്നു. 'വരിക മകനെ' യെന്ന് അതു തന്നോട് പറയുംപോലെ! അസ്തമനം അടുക്കാറായി. അങ്ങകലെ കടലിനെ മുട്ടിയുരുമി നിന്ന് യാത്രപറഞ്ഞുകൊണ്ട് മെല്ലെ മെല്ലെ താഴോട്ട് ഇഴുകി ഇറങ്ങുന്ന അസ്തമയസൂര്യൻ.

എവിടെനിന്നോ ഒരു ശീതക്കാറ്റ് ചീറിയടിച്ചു. ആ കാറ്റിൽ കടൽക്കിളികൾ ചിലച്ചു പറന്നു. അവയ്ക്കും ജീവിക്കാനുള്ള മോഹം. തീരങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നു. മണൽപ്പുറത്ത് ബാബു മലർന്നു കിടന്നു.

അല്പനേരത്തേക്ക് താൻ പിന്നിട്ട പുഴയിലൂടെ മാനസത്തോണി തിരിച്ചു വിട്ടു. എല്ലാ അന്ത്യയാത്രയുടെയും പിറകിൽ അവസാനനോക്ക് എന്നൊരു കർമ്മം ഉണ്ടല്ലോ.

ആ കാഴ്ചയിൽ പുതുമയൊന്നും തോന്നിയില്ല. എന്നിട്ടും സന്ദർഭങ്ങൾ കാട്ടി, സാഹചര്യങ്ങളൊരുക്കി തന്നെ മാടിവിളിക്കുന്ന മായാലോകം. കടലും, കാറ്റും, അതിലേ പറന്നുപോയ കാക്കയും പറഞ്ഞു. 'നോക്ക് ഇക്കാണുന്ന പ്രപഞ്ചത്തിൽ ജീവിക്കുന്നവരെയെല്ലാം. ആകാശം വിളിച്ചു പറഞ്ഞു. 'നിങ്ങൾ പാർക്കുന്ന ഭൂമിക്കു ഗോളാകൃതിയല്ലേ? പിന്നെന്തിനു നിങ്ങൾ ജീവിതത്തിന് ഒരാകൃതി മെനയണം?. മനുഷ്യാ, നീ വിഡ്ഢിയാകുന്നു. എന്തുകൊണ്ടെന്നാൽ. . . . ?

'നിനക്കുവേണ്ടി ദൈവം ഭൂമിയിൽ ഒരുക്കിയിട്ടിരിക്കുന്ന പറുദീസകൾ നീ കണ്ടെത്തുന്നില്ല. മലർക്കെ തുറന്നിട്ടിരിക്കുന്ന ആ പറുദീസകളുടെ കവാടങ്ങൾ തുറന്നുചെല്ലാൻ നിന്നെക്കൊണ്ടാവുന്നില്ല. അവിടെ നിന്നെയും കാത്ത് വശ്യതയോട് നിൽക്കുന്ന മദാലസകളിൽ നീ ആകൃഷ്ടനാകുന്നില്ല.'

മൂളിപ്പാട്ടുമായി അതിലേ കടന്നുപോയ കാറ്റ് പറഞ്ഞു. ' വിധിക്കപ്പെട്ടതെല്ലാം തേടിപ്പിടിച്ചാസ്വദിക്കാൻ കഴിയാതെ പോയ നിർഗുണൻ. പണ്ടെങ്ങോ ആരോ പണിതിട്ട സന്മാർഗത്തിൻെറ ഇരുമ്പഴിക്കുള്ളിൽ അകപ്പെട്ടു പോയ ഇരുകാലിമൃഗം.' ആ കാറ്റിൽ അത്തറിൻെറ ഗന്ധം നിറഞ്ഞുനിന്നിരുന്നു. ഗൾഫ് പണത്തിൻെറ ഗന്ധം പേറുന്ന മദാലസകളുടെ രൂക്ഷഗന്ധം.

* * * * * * *

റാഹേലമ്മ ബാബുവിൻെറ മടങ്ങിവരവും കാത്ത് ജനാലയഴിയിലൂടെ നോക്കിനിന്നു. തനിക്കിനി ഏക അഭയസ്ഥാനം അവൻ മാത്രം. ഓർമ്മകൾ ഒരു പുതുഅനുഭൂതിയിലേക്ക് എത്തപ്പെട്ടിരിക്കുന്നു. താൻ ഇന്ന് സ്വതന്ത്രയായിരിക്കുന്നു. ഇന്നലെകളെ ആകെ തുടച്ചുനീക്കിയിരിക്കുന്നു. തട്ടീം മുട്ടീം പോയ ഒരു കുടുംബജീവിതത്തിൻെറ ഓർമ്മകളെയെല്ലാം സരോജിനിയുടെ സഹായത്താലെ എടുത്തുമാറ്റി. കിടപ്പറ വീണ്ടും നവീനമാക്കപ്പെട്ടു. മനസിൻെറ കവാടത്തിൽ എന്തൊക്കെയോ മുട്ടിവിളികൾ അവശേഷിച്ചിരിക്കുന്നു. മനസ് ബാല്യംപോലെ തുള്ളിച്ചാടുന്നു. പണ്ടൊരിക്കൽ ഒരു രാവിലേക്കുമാത്രം താൻ കിടക്ക മാറ്റിവിരിച്ചതിൻെറ ഓർമ്മകളിൽ അവർ ആകെ ഇളകിത്തുടങ്ങി. അന്നവൻ നന്നേ ചെറുപ്പം. ഇന്നവൻെറ മനസിൽ ആരൊക്കെ, എന്തൊക്കെയെന്നു അറിയില്ല. വേണ്ട, അറിയണ്ടാ എങ്കിലും എൻെറ മറപറ്റിയല്ലേ ബാബുവിന് ഇനി കഴിയാനാകു. ഈ സമ്പന്നതയുടെ മടിത്തട്ടിൽ അവനെ ഞാൻ താരാട്ട് പാടി ഉറക്കും.

മുകളിൽ നിന്നൊരു പല്ലി ചിലച്ചു. സ്വാതന്ത്ര്യം ദുഷ്ടതയെക്ക് മറയെന്നോ? തറയിൽ വീണ പല്ലി വാലുമുറിച്ചിട്ട് എവിടേയ്ക്കോ ഓടി മറഞ്ഞു. 'സരോജിനി, അവൻ വന്നോ?' റാഹേലമ്മ ചോദിച്ചു.

'ഇല്ല, കൊച്ചമ്മേ, വരാറായി.'

കട്ടിക്കാലിൽ പറ്റിപ്പിടിച്ചിരുന്ന ചിലന്തിവലകളെ കുറ്റിച്ചൂൽകൊണ്ട് തൂത്തു വൃത്തിയാക്കുകയായിരുന്നു സരോജിനി. ജനലഴികളിലും അവറ്റകൾ വല കെട്ടിയിരിക്കുന്നു. എല്ലാ മാറാലകളെയും വെടിപ്പാക്കി തൻെറ ലോകം ഒരു പുതിയ ആരംഭം കുറിക്കാൻ പോകുന്നു. ഇന്ന് താൻ എല്ലാറ്റിൽ നിന്നും സ്വതന്ത്രയായിരിക്കുന്നു. ഇനിയുള്ള രാവുകൾ. . . . ബാബുവേട്ടൻ തൻേറതുമാത്രമായി തീർന്നിരിക്കുന്നു. പ്രതീക്ഷകളുടെ തിരിനാളങ്ങൾ ഓരോന്നായി ജ്വലിച്ചു. നിലംതൊടാമണ്ണുമായി മൂളിപ്പറന്നെത്തി തൻെറ തലയ്ക്കുമീതെ വട്ടമിട്ടു പറന്ന വേട്ടാവളിയനെ അവൾ

കുറ്റിച്ചൂലിനടിച്ചു വീഴ്ത്തി. നീ മന്ത്രംചൊല്ലി മക്കളെ ജനിപ്പിക്കണ്ടായെന്ന് അട്ടഹസിച്ചു. എന്നിട്ടും തീർന്നില്ല. ഈ തറപോലും ഇന്ന് വൃത്തിയാക്കപ്പെടണം. ബക്കറ്റിൽ സോപ്പുവെള്ളം നിറച്ച് ടൗവലുമായി അവൾ തറ തുടയ്ക്കാൻ തുടങ്ങി. രജനി കിടന്നതിൻെറ അശുദ്ധി അല്ല. ലിസിച്ചേച്ചിയുടെ അവിശുദ്ധബന്ധം തുടച്ചുനീക്കുകയായിരുന്നു. കറുത്ത പാടുകൾ ഓരോന്നോരോന്നായി മറയപ്പെടുന്നതവൾ കണ്ടു.

കുലീനത്വം വിളിച്ചറിയിക്കുന്ന ഗ്രെയിസ്‌വില്ലയുടെ പൂമുഖത്ത് ചാരുകസേരയിൽ മുന്നോട്ടാഞ്ഞ് താടിക്ക് കൈയുംകൊടുത്ത് ലിസി ഇരുന്നു. ചിന്തകൾ ഓർമ്മകളുടെ കൊടുംകാറ്റിൽപ്പെട്ട് ഉലയുകയായിരുന്നു. രജനിയെന്ന വളർത്തുപുത്രി വിഷാദങ്ങളുടെ പര്യായംപോലെ തറയിൽ ചമ്രം പടഞ്ഞ് ഇരുന്നിരുന്നു. ആ മുഖത്തേക്ക് സൂക്ഷിച്ചുനോക്കുമ്പോളൊക്കെ ലിസിയുടെ സിരകളിൽ രക്തയോട്ടം വർദ്ധിച്ചു. ഈ ഏകാന്തതയെ പുൽകാൻ ബാബു ഇനിയും വരും. വന്നേ മതിയാകു. ആ നാളിൽ ഞാനെൻെറ കിടക്കയെ സകലവിധ സുഗന്ധവും കൊണ്ട് ലഹരി പിടിപ്പിക്കും. വന്നില്ലെങ്കിൽ. . . . . ഒരു പകലിൻെറ നിശബ്ദതയിങ്കൽ താൻ കാരണമില്ലാതെ ഈ ഭവനത്തോട് യാത്ര പറയും. മറ്റൊന്നിനുമല്ല. എൻെറ മമ്മിയെ പരിപാലിക്കാൻ വേണ്ടിമാത്രം. ആർക്കും ചോദ്യം ചെയ്യാൻ കഴിയാത്ത ഒരു സന്മാർഗികത താൻ കാഴ്ച വയ്ക്കും. അവിടെ ചോദ്യങ്ങൾ ജനിക്കുന്നില്ല. ഉത്തരങ്ങൾ മരിക്കുന്നുമില്ല.

നിഗൂഢതയിൽ താരകങ്ങളെരിയവേ, സാഗരത്തിനഗാധതതയിൽ സൂര്യനാഴ്ന്നിറങ്ങവേ ബാബു അവിടെനിന്നും എഴുന്നേറ്റു.

'ശരിയല്ലേ?. സദാചാരത്തിൻെറ കാലിത്തൊഴുത്തിൽ കുരുങ്ങിക്കിടന്ന് ചുരുക്കംചിലരായി എന്തിനു വീർപ്പ് മുട്ടണം. ബന്ധങ്ങളെയും ബന്ധനങ്ങളെയും പൊട്ടിച്ചെറിഞ്ഞുകൊണ്ടുള്ള ഇന്നത്തെ ഈ സ്വാതന്ത്ര്യത്തിൻെറ ഒഴുക്കിൽ ചേർന്നങ്ങ് ഒഴുകിയാൽ പോരേ?. തെരുവുതെണ്ടിയും, കുലപാതകനും ,വ്യഭിചാരികളും അലങ്കരിക്കുന്ന അധികാരക്കസേര. കോഴവാങ്ങിക്കൊണ്ട് ആഭാസനേയും തെമ്മാടിയേയും സ്വർരാജ്യത്തിനവകാശിയാക്കുന്ന ആത്മീയലോകം. പുരുഷൻെറ ഉത്തരവാദിത്വം ലഘൂകരിച്ച സ്ത്രീപുരുഷ സമത്വം. തിന്നുക, കുടിക്കുക, ആനന്ദിക്കുക. നാളെ മരിക്കുമല്ലോ!' എന്തിനിങ്ങനെ ജീവിക്കണം.? ? ? ? ? മനസും മനസാക്ഷിയും തമ്മിൽ ഏറ്റുമുട്ടി.

നാളെ മരിക്കുമെന്നറിഞ്ഞുകൊണ്ട് മരണത്തെ ഭയന്നുകൊണ്ട്, ജീവിച്ചിരിക്കുമ്പോൾ സർവസ്വാസ്ഥതകളെയും ഇല്ലാതാക്കുന്ന ജഡത്തിൻെറ മോഹങ്ങൾക്കധീനരായി ചരിക്കുന്നതിനേക്കാൾ ഭേദമല്ലേ, ഈ'ജീവിതം മതി' എന്ന് തീരുമാനിച്ചുറച്ച് അതിനുള്ള വഴി ഒരുക്കുന്നത്.

എല്ലാം ഭംഗിയായി പര്യവസാനിക്കട്ടേ ദൈവമേയെന്ന് മനമുരുകി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ പരിസരം മറന്നുപോയി. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങവേ, രണ്ട് മെല്ലിച്ച കരങ്ങൾ തനിക്കെതിരേ നീണ്ടു വരുന്നു. 'രജനി'. വേണ്ട മകളെ. . . . നീ നിൻെറ മമ്മിയുടെ കരങ്ങളിൽ സുരക്ഷിതയാണ്. ഈ വേലക്കാരനെ മറന്നേക്കാൻ മോടെ മമ്മിയോടു പറയുക. കണ്ണുകൾ ഇറുക്കിയടച്ചുകൊണ്ട് അയാൾ നേരെ നടന്നു.

ഇറുക്കിയടച്ച കണ്ണിൻെറ മുമ്പിൽ വിവസ്ത്രയായ ഒരു സ്ത്രീ രൂപം. അരുത് ബാബു . . . അരുത്.

എന്നെ തടയരുത്. പ്രശസ്തനായ ഭർത്താവില്ലേ കൂട്ടിന്? ആ നടപ്പിന് വേഗത കൂടി. മണൽത്തരികൾ കാലിൽത്തട്ടിച്ചിതറി. ഓടുകയായിരുന്നു. ഇരുളിൻെറ മറപറ്റി. ആ ഓട്ടത്തിൽ ഒരു ദയനീയസ്വരം അയാളെ പിന്തുടർന്നു.

ബാവേട്ടാ. . . . . . . ബാവേട്ടാ. . . . . . . . . സരോജിനിയുടെ ശബ്ദം.

ആ സ്വരത്തെ കീഴ്പെടുത്താനായി അയാൾ കൈകൾകൊണ്ട് കാതുകൾ പൊത്തി. കുറിച്ചിട്ട സമയത്തു തന്നെ ഒറ്റക്കുതിപ്പിനയാൾ ലക്ഷ്യത്തിലെത്തി. നക്ഷത്രങ്ങൾ കണ്ണുകൾ ചിമ്മിയടച്ചു.

അയാളെ സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങി നിന്ന തിരമാലയുടെ മാറിലേയ്ക്ക് അണഞ്ഞു. അയാളെ വാരിപ്പുണർന്നുകൊണ്ട് ആ തീരങ്ങളിലേയ്ക്ക് ഒരു മദാലസയെപ്പോലെ നൃത്തമാടി അടുക്കുകയായിരുന്നു അവൾ.

കടൽക്കിളികൾ അപ്പോഴും ചിലച്ചു പറന്നു. ബാബു കണ്ണു തുറന്നപ്പോൾ വിശാലമായ മണൽപ്പുറത്ത് അയാൾ തിരികെയെത്തിയിരിക്കുന്നു. ആർത്തിരമ്പുന്ന കടൽപോലും തന്നെ തീരങ്ങളിലെത്തിച്ചിരിക്കുന്നു. പ്രണയത്തിൻെറ കണ്ണീർത്തുള്ളികളെ പ്രകൃതിപോലും മാനിക്കുന്നു.

പിന്നെ അയാൾ നിന്നില്ല. ഓടുകയായിരുന്നു. എത്രയും വേഗം ലക്ഷ്യത്തിലെത്തുക. മനസ് മന്ത്രിച്ചു. താളപ്പിഴയുള്ള ജീവിതത്തിലേയ്ക്കുള്ള മടങ്ങിയോട്ടം താളാത്മകമായിരുന്നു. കാലും കരവും തളർന്നിട്ടും മനസ് മന്ത്രിച്ചു. ഓടുക. നിന്നെ കാത്തിരിക്കുന്ന മധുചഷകങ്ങളിലേക്ക് കൂനൻ എറുമ്പുകൾ എത്തും മുമ്പേ അവിടെ ചെന്നെത്തുക. പുത്തൻപ്രയാണത്തിൻെറ മാത്സര്യഭാവത്തോട് ബാബു ആ തളർച്ചയിലും കാലുകൾ വലിച്ചുവച്ച് നടന്നു. ഇരുളാണ് മുന്നിൽ. ഭയപ്പെട്ടില്ല. പ്രകാശത്തെ വലിച്ചെറിഞ്ഞ് ഇരുളിൻെറ മറപറ്റിയവനാണല്ലോ താൻ. ആ ഇരുളും പറഞ്ഞു 'മടങ്ങൂ വെളിച്ചത്തിലേക്ക്'. ഇനി താൻ എന്തിനു ഇരുളിനെ ഭയപ്പെടണം.? വെളിച്ചത്തിൻെറ ഒരു കണിക എങ്കിലും ഉള്ളിൽ പേറി ഈ ജീവിതം കഴിക്കണം. ഹേ! മരണമേ നിൻെറ ജയമെവിടെ? അയാൾ നടന്നു. കൂരിരുൾ ഭൂമണ്ഡലത്തെ മൂടിയ വേളയിൽ പ്രകാശം വിതറുന്ന മുഖവുമായി ബാബു കാർ സ്റ്റാർട്ട് ചെയ്തു. തെരുവുകളെ പിന്നിട്ടുകൊണ്ട് ഇരുട്ടിൻെറ പാതയിൽ പ്രകാശം വിതറിക്കൊണ്ട് ആ വാഹനം ലക്ഷ്യത്തിലേക്ക് കുതിച്ചു.

അവസാനിച്ചു.